# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 564 01.12.2015- ൽ മറുപടിക്ക്**

## വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) മൂന്ന് വർഷമായി അടച്ചുപൂട്ടിയ കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ന്യായമായ കോമ്പൻസേഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) സ്റ്റാറ്റ്യൂട്ടറി ബെനിഫിറ്റ് എന്ന നിലയിൽ ഗ്രാറ്റുവിറ്റിയും റിട്രഞ്ച്മെന്റ് കോമ്പൻസേഷനും എല്ലാ തൊഴിലാളികൾക്കും നൽകിയിട്ടുണ്ട്. എല്ലാ തൊഴിലാളികളുടെയും പി.എഫ് പിൻവലിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് 9 മാസത്തെ ബോണസ്, ലീവ് സറണ്ടർ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, കമ്പനി പാട്ടത്തിനെടുത്ത് പ്രവർത്തിച്ചിരുന്നതുമായ സ്ഥലം സർക്കാരിന് തിരികെ ലഭിക്കുന്നതടക്കമുള്ള മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളിലെടുത്ത തീരുമാനം നടപ്പാക്കുന്നതിനായി എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ നീക്കി തൊഴിലാളികൾക്ക് ന്യായമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനും, ഭൂമി ഏറ്റെടുക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**